## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 688** **05-10-2021 - ൽ മറുപടിയ്ക്ക്**

## കേരള സഹകരണ അംഗ സമാശ്വാസ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള സഹകരണ അംഗ സമാശ്വാസനിധി നിയമം 2013, ചട്ടം 2014 അനുസരിച്ച് പദ്ധതി നടപ്പാക്കാനുള്ള സ്കീം തയ്യാറാക്കിയിട്ടുണ്ടോ; സ്കീമിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ(ലിവർ സിറോസിസ്)ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ ഓപ്പൺ ഹാർട്ട് സർജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, അപകടത്തിൽ പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ച പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗസമാശ്വാസനിധി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്; കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘത്തിലെ എ ക്ലാസ്സ് അംഗമായിട്ട് 3 വർഷക്കാലാവധി പൂർത്തീകരിച്ചിരിക്കണം. അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- രൂപയാണ്. ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൻ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ സംഘങ്ങളിൽ സമർപ്പിക്കേണ്ടതും സംഘം ഭരണസമിതി തീരുമാനം കൈക്കൊണ്ട് സാക്ഷ്യ പത്രം സഹിതം താലൂക്ക് ജില്ല ആഫീസർമാർ മുഖേന ശുപാർശ സഹിതം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കണം. അർഹതപ്പെട്ട അപേക്ഷകൾ സഹകരണ വകുപ്പ് മന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി,സഹകരണ |

| | | | |
|---|---|---|---|
| | | | സംഘം രജിസ്ട്രാർ എന്നിവർ ഉൾപ്പെട്ട ഉന്നത തല കമ്മറ്റി പരിശോധിച്ച് ധനസഹായം അനുവദിക്കുന്നു. |
| (ബി) | ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ മൂലം കഷ്ടപ്പെടുന്ന സഹകാരികൾക്ക് അടിയന്തര ചികിത്സാസഹായം ലഭ്യമാക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേകമായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ നല്കാമോ; | (ബി) | അശരണരായ സഹകാരികൾക്കായി ആശ്വാസ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. സഹകരണ രംഗത്ത് പ്രത്യേകിച്ച് സർക്കിൾ (താലൂക്ക്), ജില്ല, സംസ്ഥാന തലത്തിൽ പ്രവർത്തിച്ചിട്ടുള്ളവരും വളരെക്കാലമായി പ്രവർത്തിക്കുകയും സഹകരണ മേഖലയുടെ സർവ്വതോൻമുഖമായ പുരോഗതിക്ക് വേണ്ടി പ്രയത്നിക്കുകയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രവർത്തിച്ചവരും, ഇപ്പോൾ 36000/-രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും, നിരാലംബരുമായ സഹകാരികൾക്ക് രോഗശുശ്രൂഷയ്ക്ക്, ചികിത്സയ്ക്ക്, മേൽ പറഞ്ഞ പ്രകാരമുള്ള സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിന്/ ആശ്രിതർക്ക് (അമ്മ, ഭാര്യ, മകൻ, മകൾ, വളർത്തുമകൻ, വളർത്തുമകൾ) സഹായം നൽകുന്നതിനും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. പദ്ധതിയുടെ പുതുക്കിയ സ്കീം ഉടൻ പുറപ്പെടുവിക്കുന്നതാണ്. |
| (സി) | ഏതൊക്കെ അസുഖങ്ങൾ ഉള്ളവർക്ക് എത്ര രൂപവരെ ധനസഹായം ലഭ്യമാകും; ധനസഹായം അനുവദിക്കുന്നതിന് പ്രത്യേക സമിതികൾ നിലവിലുണ്ടോ; അപേക്ഷ നൽകേണ്ട വിധം വിശദമാക്കാമോ? | (സി) | അശരണരായ സഹകാരികൾക്കായി ആശ്വാസ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. സഹകരണ രംഗത്ത് പ്രത്യേകിച്ച് സർക്കിൾ (താലൂക്ക്), ജില്ല, സംസ്ഥാന തലത്തിൽ പ്രവർത്തിച്ചിട്ടുള്ളവരും വളരെക്കാലമായി പ്രവർത്തിക്കുകയും സഹകരണ മേഖലയുടെ സർവ്വതോൻമുഖമായ പുരോഗതിക്ക് വേണ്ടി പ്രയത്നിക്കുകയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രവർത്തിച്ചവരും, ഇപ്പോൾ 36000/-രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും, നിരാലംബരുമായ സഹകാരികൾക്ക് രോഗശുശ്രൂഷയ്ക്ക്, ചികിത്സയ്ക്ക്, മേൽ പറഞ്ഞ പ്രകാരമുള്ള സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിന്/ ആശ്രിതർക്ക് (അമ്മ, ഭാര്യ, മകൻ, മകൾ, വളർത്തുമകൻ, വളർത്തുമകൾ) സഹായം നൽകുന്നതിനും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. പദ്ധതിയുടെ പുതുക്കിയ സ്കീം ഉടൻ പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ